കൊണ്ടുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ് 19-8-2014-ലെ (എം.എസ്) 27/14/ഊ.വ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടും പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശബരിമല വൈദ്യുത ലൈൻ

18 (358) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല സന്നിധാനത്തിലേക്ക് പമ്പയിൽനിന്നും ഇപ്പോൾ എത്ര വൈദ്യുത ലൈനുകൾ ഉണ്ട് ; നിലവിലുള്ള വൈദ്യുതലൈനിന് തകരാർ സംഭവിച്ചാൽ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത് ;

(ബി) പമ്പയിൽനിന്നും ശബരിമലയിലേക്ക് നിലവിലുള്ള വൈദ്യുത ലൈനിന് സമാന്തരമായി വൈദ്യുതലൈൻ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതിക്കായി ആകെ വേണ്ടിവരുന്ന തുക എത്രയെന്ന് വിശദമാക്കുമോ ; സമാന്തര ലൈൻ സ്ഥാപിക്കുവാനുദ്ദേശിക്കുന്നത് ഏതുവഴിയാണെന്ന് വിശദമാക്കുമോ ; പ്രസ്തുതപദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പമ്പയിൽനിന്നും ശബരിമല സന്നിധാനത്തേയ്ക്ക് ഇപ്പോൾ ഒരു 11 കെ.വി. ലൈൻ ഉണ്ട്. വൈദ്യുതിതടസ്സം അടിയന്തരമായി പരിഹരിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡിന് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly